# ALKHOZAMA INTERNATIONAL SCHOOL, DAMMAM

## B.E.S.T. Group of Schools, K.S.A.

Affiliated to CBSE – New Delhi- 5730008

## REVISION WORKSHEET - 2

## GRADE – 8

## Subject: MALAYALAM

---

**I  തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ആശയ വിനിമയത്തിൽ പത്രങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. കേരള പത്രിക, സത്യനാദ കാഹളം, കേരള സഞ്ചാരി, മലയാള മനോരമ എന്നിവ ആദ്യകാല മലയാള പത്രങ്ങളാണ്. പത്രത്തിൻറെ മുഖപ്രസംഗത്തിന് വലിയ പ്രാധാന്യമുണ്ട്. പ്രധാന സാമൂഹ്യസംഭവങ്ങളിൽ പത്രാധിപരുടെ ശരിയായ വീക്ഷണവും, നിലപാടും, വിലയിരുത്തലും വ്യക്തമാക്കുന്നത് മുഖപ്രസംഗത്തിലൂടെയാണ്. ഭരണാധികാരികൾക്ക് അവരുടെ കടമകളെപ്പറ്റി മുന്നറിയിപ്പ് നൽകുകയും അപ്രിയസത്യങ്ങൾ തുറന്നു പറയുകയുമാണ് ഒരു പത്രാധിപരുടെ കർത്തവ്യമെന്നു ജെംസിൽക് ബക്കിങ്ഹാം പറഞ്ഞിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സി.വി. കുഞ്ഞിരാമൻ, കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് എന്നിവർ മലയാള പത്രങ്ങളുടെ ചരിത്രത്തിൽ അവിസ്മരണീയ വ്യക്തിപ്രഭാവമുള്ള പത്രാധിപരായിരുന്നു.

1. മലയാളത്തിലെ ആദ്യകാല പത്രങ്ങൾ ഏതെല്ലാം ?
2. മുഖപ്രസംഗത്തിൻറെ പ്രാധാന്യം എന്ത് ?
3. പത്രാധിപരുടെ കർത്തവ്യത്തെക്കുറിച്ച് ജെംസിൽക് ബക്കിങ്ഹാം പറഞ്ഞതെന്ത് ?
4. മലയാളത്തിലെ പ്രശസ്തരായ പത്രാധിപർ ആരെല്ലാം ?
5. ഈ ഖണ്ഡികക്ക് ഉചിതമായ ശീർഷകം നൽകുക

**II  അംഗവാക്യം അംഗിവാക്യം എന്നിവ എടുത്തെഴുതുക**

1. പക്ഷെ ആൻറണിയുടെ പ്രസംഗം അവരെ ഇളക്കിമറിച്ചു.
2. അനാവശ്യമായ മുഖവുരയും കഥകളും പറഞ്ഞുകൊണ്ടിരുന്നത് കേൾവിക്കാർ ബോറടിക്കും.
3. കരുത്തിലും ഗാംഭീര്യത്തിലും കൊമ്പനാനകളാണ് മുമ്പിലെങ്കിലും വനിതാ മേധാവിത്വം അവർ സമ്മതിച്ചുകൊടുക്കുന്നു.
4. ഗുണമേന്മകൊണ്ടു മാത്രം സഹൃദയർ അദ്ദേഹത്തെ കവിയായി ആദരിച്ചു.
5. ഈശ്വരൻറെ മുഖത്ത് നിന്നാണ് അഗ്നിയുടെ ജനനം എന്ന് വേദമതം.
6. ഈ ഗ്രന്ഥം വീട്ടിലുണ്ടെങ്കിൽ തീപ്പിടുത്തം ഉണ്ടാവുമെന്ന ഭയം വേണ്ട.
7. ശ്രീരാമൻ അഗ്നിയെ സാക്ഷിനിർത്തി സത്യം ചെയ്തു.

**III  പ്രയോഗം മാറ്റുക**

1. ഉത്സവങ്ങൾക്ക് ഗജവീരൻ മോടികൂട്ടുന്നു
2. പാപ്പാൻ  ആനയെ ചുള്ളിക്കമ്പുകൊണ്ടു നിയന്ത്രിക്കുന്നു
3. കുഞ്ഞു അമ്മയാൽ ഓമനിക്കപ്പെടുന്നു
4. ആംഗ്യങ്ങൾ  പ്രാസംഗികനാൽ  കാണിക്കപ്പെടുന്നു

**IV വിഗ്രഹാർത്ഥം എഴുതി സമാസം നിർണ്ണയിക്കുക.**

1. കരഘോഷം
2. മഹാകവി
3. അനാവശ്യം
4. മാസ്മരികശക്തി
5. നെറ്റിപ്പട്ടം
6. ഉത്സവാഘോഷം
7. മുഖ്യ ശത്രു
8. ആനക്കൂട്ടം
9. കാട്ടരുവി
10. കീടനാശിനി
11. നാശനഷ്ടം

**V വാക്യത്തിലെ തെറ്റ് തിരുത്തുക.**

1. മനുഷ്യന്റെ അതിരു വിട്ട ഇടപെടൽ മൂലമാണ് ആ ശൃംഖല തകരാൻ കാരണം
2. വിദ്യാർത്ഥികളോട് ശാന്തരായിരിക്കുവാൻ അധ്യാപകൻ വീണ്ടും വീണ്ടും പലതവണ ആവശ്യപ്പെട്ടു.
3. രണ്ടു വർഗ്ഗങ്ങളും അവരാൽ സ്വയം തന്നെ നിയന്ത്രിക്കപ്പെടുന്നു
4. ജനങ്ങളുടെ ആവശ്യങ്ങൾ മറ്റു ഗത്യന്തരമില്ലാതെ നേതാവിന് അംഗീകരിക്കേണ്ടി  വന്നു .

**VI** പദ്യം എഴുതുക - 'മിന്നാമിനുങ്ങ്' ആദ്യത്തെ എട്ടു വരി

**VII** 'പ്ലാസ്റ്റിക്കിൻറെ ദുരുപയോഗം ഒരു സാമൂഹിക വിപത്ത്' - ഒരു ലഘു ഉപന്യാസം എഴുതുക.

**VIII** സ്കൂൾ ഭക്ഷണശാലയിൽ നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നുണ്ടെന്നു കാണിച്ചു രക്ഷാകർത്താവ് എന്ന നിലയിൽ സ്കൂൾ പ്രധാനാധ്യാപകന് ഒരു കത്തയക്കുക.

**IX ഉത്തരം എഴുതുക.**

1. പ്രസംഗം ആസ്വാദ്യകരമാവുന്നതെപ്പോൾ?
2. പ്രസംഗം  ഒരു കലയായി മാറുന്നതെപ്പോൾ?
3. പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
4. ആന ഒരിടത്ത് സ്ഥിരമായി വസിക്കാത്തത് എന്തുകൊണ്ട്  ?

5. "സംഘടിച്ച് ശക്തരാകുക എന്ന മുദ്രാവാക്യത്തിൽ വിശ്വസിച്ചു കഴിയുന്നവരാണീ ആനകൾ" - ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?
6. ആനകളുടെ വിഹാരരംഗങ്ങളേവ ?
7. ആനകളുടെ സ്നേഹവും ഒത്തൊരുമയും പ്രകടമാവുന്നത് എവിടെ ?
8. മനുഷ്യനും തീയും തമ്മിൽ ബന്ധപ്പെട്ടതിൻറെ ആദ്യതെളിവെന്ത് ?
9. അഗ്നിയുടെ ഉപയോഗം മനുഷ്യന് എങ്ങനെയെല്ലാം സഹായകരമായിത്തീർന്നു ?
10. തീയുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന പ്രാചീനരീതികൾ എന്തൊക്കെ ?
11. മിന്നാമിനുങ്ങിന്റെ ശീഘ്രചലനത്തെ കവി രണ്ടു വസ്തുക്കളോട് സാദൃശ്യപ്പെടുത്തുന്നുണ്ട്. അവയിൽ ഒന്ന് കവി കെട്ടിച്ചമച്ചതാണ്. ഏത് ?
12. മുറിക്കകത്തു വന്നുപെട്ട മിന്നാമിനുങ്ങിനോട് കവി അഭ്യർത്ഥിക്കുന്നതെന്ത്?

**X ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക.**

1. മഹാകാവ്യം എഴുതുന്നവരെ ആരായിട്ടാണ് ഗണിക്കുന്നത് ?
2. കുമാരനാശാൻറെ കവിതകൾ ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു ?
3. മിന്നാമിനുങ്ങ് എന്ന കവിത ഏത് കവിതാസമാഹാരത്തിൽ നിന്നുള്ളതാണ് ?
4. സീസറിൻറെ മൃതശരീരത്തിനുടുത്ത് നിന്ന് പ്രസംഗിക്കുന്നതാര് ?
5. ചരിത്രത്തിലെ ഏറ്റവും നല്ല പ്രഭാഷണം ആരെടെതാണ് ?
6. നെഹ്റു ഉദ്ധരിച്ച കവിത ആരുടേതായിരുന്നു ?
7. കേൾവിക്കാർ എന്ത് കേട്ടതോടെയാണ് കരഘോഷം മുഴക്കിയത് ?
8. മിന്നാമിനുങ്ങ് പ്രകൃതിക്കുവേണ്ടി നെയ്യുന്നതെന്ത് ?
9. ഏത് ചെടിയുടെ കമ്പ് കടഞ്ഞാണ് യജ്ഞത്തിന് തീയുണ്ടാക്കുന്നത് ?
10. മനുഷ്യൻ എന്ത് കണ്ടിട്ടാണ് അന്തം വിട്ടു നിന്നത് ?
11. കേരളത്തിൽ ഏറ്റവും ഒടുവിൽ അഗ്നിപരീക്ഷ നടത്തിയത് എവിടെ ?
12. ആനകളെ വഴിപാടായി നൽകുന്നത് എവിടെ ?
13. മഴക്കാലത്ത് ആനകളുടെ വിഹാരരംഗമേത് ?
14. കൂട്ടത്തിൽനിന്നു ഒറ്റപ്പെടുന്ന ആനയെ പറയുന്ന പേരെന്ത് ?
15. കേരളത്തിലെ ആനപിടുത്ത കേന്ദ്രമെവിടെ ?

*******************************************